**ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ നടപടി ഉത്തരവ്**
**തിരുവനന്തപുരം - 14**

വിഷയം - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് - സ്ഥാപനക്കാര്യം - ജൂനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രൊമോഷൻ നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം- ഉത്തരവ് നമ്പർ - ഇ2-20741/2015/ഡി.ഐ.എം.എസ് തീയതി, 21.01.2017

..........................

**ഉത്തരവ് നമ്പർ - ഇ2-20937/2013/ഡി.ഐ.എം.എസ് തീയതി, 21.02.2017**

പരാമർശ പ്രകാരം, ശ്രീമതി.വി.വൽസലയ്ക്ക് സീനിയർ സൂപ്രണ്ടായി പ്രൊമോഷൻ നൽകി ഉത്തരവായതു വഴി ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ഒരു ഒഴിവുണ്ടായിട്ടുണ്ട്. വടവാതൂർ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലി ചെയ്യുന്ന, വകുപ്പിലെ ഏറ്റവും സീനിയറായ ഹെഡ് ക്ലാർക്ക് ശ്രീ.ഒ.എം.മുഹമ്മദ് മുസ്തഫയ്ക്ക് 30700-65400 രൂപ ശമ്പളസ്കെയിലിൽ, ജൂനിയർ സൂപ്രണ്ടായി പ്രൊമോഷൻ നൽകിക്കൊണ്ടും പേരൂർക്കട ഇ.എസ്.ഐ ആശുപത്രിയിൽ നിലവിലുള്ള ഒഴിവിൽ ടിയാനെ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ടിയാൻ 20.01.2016 തീയതിയിലെ ഗവൺമെന്റ് ഉത്തരവ് (പി) 7/2016/ധനം പ്രകാരമുള്ള ശമ്പളപരിഷ്ക്കരണ ഉത്തരവിൽ അനുശാസിക്കുന്ന പ്രകാരമുള്ള ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. ടിയാൻ നിയമപ്രകാരമുള്ള പ്രൊബേഷനിൽ ആയിരിക്കുന്നതാണ്.

ശ്രീ.ഒ.എം.മുഹമ്മദ് മുസ്തഫയെ വിടുതൽ ചെയ്ത തീയതി, ടിയാൻ പുതിയ ലാവണത്തിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതി എന്നിവ യഥാസമയം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ.അജിത നായർ.ആർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ

സ്വീകർത്താവ്

ശ്രീ.ഒ.എം.മുഹമ്മദ് മുസ്തഫ, ഹെഡ് ക്ലാർക്ക്
ഇ.എസ്.ഐ ഡിസ്പെൻസറി, വടവാതൂർ

പകർപ്പ് -
1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ഐ.എം.എസ് , ദക്ഷിണമേഖല, കൊല്ലം/ മദ്ധ്യമേഖല, എറണാകുളം/ഉത്തരമേഖല, കോഴിക്കോട്
2. സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട
3. ഇൻഷ്വറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, വടവാതൂർ
4. ഫയൽ/സ്റ്റോക്ക് ഫയൽ/വെബ് സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

എസ്കെവി-22.2.17